5

# സ്നാനം “എങ്ങനെ?” “ആർക്ക്?” “എന്തുകൊണ്ട്?”

*“പിന്നെ അവൻ അവരോടു, ‘നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും’ ” (മർക്കൊസ് 16:15, 16).*

യേശുവിനെ പിൻപറ്റുന്നു എന്നവകാശപ്പെടുന്നവർക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയിരിക്കയാണ്. “സ്നാനം കല്പിച്ചിരിക്കുന്നു എന്ന കാര്യത്തിൽ ക്രിസ്ത്യാനികൾ പൊതുവിൽ യോജിക്കും, എന്നാൽ അതിന്റെ മറ്റെല്ലാ കാര്യങ്ങളിലും വിഭജിക്കപ്പെട്ടിരിക്കയാണ്.”[1] സ്നാനം എങ്ങനെ നടത്തണം എന്ന കാര്യത്തിൽ, സ്നാനത്തിന്റെ മൂന്നു കാര്യങ്ങൾ ഭിന്നിപ്പുണ്ടാക്കിയിരിക്കയാണ്, അതാർക്കു കൊടുക്കണം, അതിന്റെ ഉദ്ദേശം എന്നിവയാണ് അവ. ഇവ ഓരോന്നിനെ കുറിച്ചും ബൈബിളിനു എന്താണു പറയുവാനുള്ളതു എന്നു നമുക്കു വിശദമായി നോക്കാം.

### സ്നാനം എങ്ങനെ നടത്തപ്പെട്ടു?

മുങ്ങൽ ദൈവത്തിനു സ്വീകാര്യമാണ് എന്നു മിക്കവാറും എല്ലാവരും സമ്മതിക്കും, എന്നാൽ മുങ്ങലിനു പകരം കോരി ഒഴിക്കലോ തളിക്കലോ ദൈവം സ്വീകരിക്കുമോ ഇല്ലയോ എന്ന കാര്യത്തിലാണ് തർക്കം വരുന്നത്.

*എല്ലാ കാര്യത്തിലും ദൈവവുമായുള്ള ബന്ധത്തിൽ തീർച്ചയായ രീതിയിൽ വേണം നാം പിൻപറ്റുവാൻ.* “ബാപ്റ്റൈസ്” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്ന സന്ദർഭം വ്യക്തമാക്കുന്നതു മുങ്ങൽ ആണ്, അല്ലാതെ തളിക്കലോ ഒഴിക്കലോ അല്ല.

ലൗകിക ഡിക്ഷ്ണറികൾ ബാപ്റ്റൈസ് എന്നതിനു ആധുനികമായി “ഒഴിക്കുക, തളിക്കുക, അല്ലെങ്കിൽ മുങ്ങുക,” എന്ന അർത്ഥം കൊടുത്തിട്ടുണ്ടെങ്കിലും, ശബ്ദോൽപത്തി ശാസ്ത്രത്തിൽ വരുമ്പോൾ അവർ

പറയുന്നതു "ബാപ്റ്റൈസ്" എന്ന (ചരിത്രപരമായ വളർച്ചയിൽ) ഗ്രീക്കു വാക്ക് വന്നിരിക്കുന്നതിന്റെ അർത്ഥം "മുങ്ങുക" അല്ലെങ്കിൽ "നിമഞ്ജനം ചെയ്യുക" എന്നാണ്:

> *ദ അമേരിക്കൻ ഹെറിറ്റേജ് ® ഡിക്ഷ്ണറി:* "ബാപ്റ്റൈസ്" എന്നതു വന്നിരിക്കുന്നതു "ഗ്രീക്ക്. *ബാപ്റ്റെയിൻ*, മുക്കുക."[2]

> *ദ ആങ്കർ ബൈബിൾ ഡിക്ഷ്ണറി:* " '*ബാപ്റ്റൈസ്,*' എന്നതിന്റെ ഗ്രീക്ക് ക്രിയാരൂപമായ *ബാപ്റ്റൈസെൻ,* വന്നിരിക്കുന്നതു *ബാപ്റ്റെയിൻ*, 'മുങ്ങുക,' അർത്ഥം 'തുടർച്ചയായി മുങ്ങുക അല്ലെങ്കിൽ, മുഴുവനായി, നിമഞ്ജനം ചെയ്യുക, മുങ്ങുക.' "[3]

> *ഒറിജിൻസ്, എന്ന ഒരു ആധുനിക ഇംഗ്ലീഷിലുള്ള ശബ്ദോൽപത്തി ശാസ്ത്രത്തെ സംബന്ധിച്ച ഒരു ഡിക്ഷ്ണറി:* "ഗ്രീക്ക് *ബാപ്റ്റൈസെൻ*, എന്നതിലാണ് ഫലപ്രദമായ ആരംഭം കിടക്കുന്നത്, അതു *ബാപ്റ്റെയിൻ* മോഡി പിടിപ്പിച്ചതാണ് ... വെള്ളത്തിൽ മുങ്ങുക."[4]

മറ്റെല്ലാ മുഖ്യ ഡിക്ഷ്ണറികളും "മുക്കുക" അല്ലെങ്കിൽ "നിമഞ്ജനം ചെയ്യുക" എന്ന അർത്ഥത്തിൽ യോജിക്കുന്നുണ്ട്.

നാം വീണ്ടും വായിക്കുന്നതു, "ആരംഭത്തിലെ സ്നാന രീതി വെള്ളത്തിൽ ശരീരം മുഴുവൻ മുങ്ങുന്നതായിരുന്നു, എന്നാൽ 2-ാം നൂറ്റാണ്ടായപ്പോഴേക്കും സ്നാനം എഫ്യൂഷൻ [വെള്ളം ഒഴിക്കൽ]" ആയി[5]; പുരാതനകാലത്തെ സാധാരണ രീതി മുങ്ങൽ ആയിരുന്നു എന്ന്, പുരാതന സ്നാനം കഴിപ്പിച്ചിരുന്ന സ്ഥലവും സൂചിപ്പിക്കുന്നു."[6]

ഈ രീതിയുടെ ഉദ്ദേശം വ്യക്തമാണ്. ആൻഡേഴ്സ് നൈഗ്രൻ എഴുതി, "സ്നാനപ്പെടുന്ന വ്യക്തി വെള്ളത്തിൽ മുങ്ങു - മ്പോൾ, ആ പ്രവൃത്തി സൂചിപ്പിക്കുന്നതു 'ക്രിസ്തുവിനോടു കൂടെ അടക്കപ്പെടുന്നതായിട്ടാണ്'; പിന്നെ വെള്ളത്തിൽ നിന്നും കയറുമ്പോൾ, അതു 'ക്രിസ്തുവിനോടു കൂടെ' ഉയിർത്തെഴുന്നേല്ക്കുന്നു എന്നതാണ് സൂചിപ്പിക്കുന്നത്."[7]

റോമർ 6:4 നെക്കുറിച്ച്, എവറെറ്റ് എഫ്. ഹാരിസൺ പറഞ്ഞു, "സ്പഷ്ടമായും, [പൗലൊസ്] ക്രിസ്തുവിനോടുകൂടെ അടക്കപ്പെടുന്നതായിട്ടാണ് ചിത്രീകരിക്കുന്നത്, എങ്ങനെയായാലും, ആ നിമിഷത്തിൽ, ശരീരം സ്നാനജലത്തിൽ മുങ്ങുകയാണ്."[8]

ജെ. ബി. ലൈറ്റ് ഫുഡ് പറഞ്ഞു, "തെളിവായി. [ബി.] ജോവെറ്റ് ശരിയായി നിരീക്ഷിക്കുന്നു, അപ്പൊസ്തലൻ 'മരിച്ചു' എന്നതിനു പകരം 'അടക്കപ്പെട്ടു' എന്നാണ് സ്നാനത്തെ ഓർപ്പിക്കുന്നതു, അതു ഇക്കാലത്തെ സ്നാന പരിശീലനമായ ആസ്പെർഷൻ [തളിക്കൽ] അപ്രത്യക്ഷമാക്കുന്ന സമാനതയാണ്."[9]

മാർട്ടിൻ ലൂഥർ എഴുതി, "ബാപ്റ്റിസം എന്ന വാക്ക് ഗ്രീക്കു പ്രയോഗമാണ്; അതിനെ ലാറ്റിനിൽ മെർസിയോ എന്നു പറയാം: നാം എന്തെങ്കിലും വെള്ളത്തിൽ മുക്കുമ്പോൾ, അതു മുഴുവനായും വെള്ളത്താൽ

മൂടുന്നു. ആ ആചാരം പൊതുവിൽ മാറ്റപ്പെട്ടുവെങ്കിലും, (അവർ കുട്ടികളെ മുഴുവനായി മുക്കുന്നില്ല, മറിച്ചു കുറച്ചു വെള്ളമെടുത്തു ശിശുക്കളെ തളിക്കുകയാണ് ചെയ്യുന്നത്), എന്നിരുന്നാലും, അവർ മുഴുവനായും മുങ്ങേണ്ടതുണ്ട്, കാരണം ശബ്ദോൽപത്തിശാസ്ത്രം അതാണ് ആവശ്യപ്പെടുന്നത്."[10]

കൂടാതെ, "ബാപ്റ്റൈസ്" എന്നു ബൈബിളിൽ കാണുന്ന സന്ദർഭം വ്യക്തമാക്കുന്നതു അതിന്റെ അർത്ഥം "മുങ്ങൽ" എന്നാണ്:

> ആ കാലത്തു യേശു ഗലീലയിലെ നസറെത്തിൽ നിന്നു വന്നു യോഹന്നാനാൽ യോർദ്ദാൻ നദിയിൽ സ്നാനം കഴിഞ്ഞു. വെള്ളത്തിൽ നിന്നു കയറിയ ഉടനെ, ആകാശം പിളരുന്നതും ആത്മാവു പ്രാവുപോലെ അവന്റെ മേൽ വരുന്നതും കണ്ടു, ... (മർക്കൊസ് 1:9, 10).
>
> യോഹന്നാനും ശലേമിന്നു അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചു കൊണ്ടിരുന്നു, അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു (യോഹന്നാൻ 3:23).
>
> ... ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ, കർത്താവിന്റെ ആത്മാവു ഫിലിപ്പൊസിനെ എടുത്തു കൊണ്ടുപോയി, ... (പ്രവൃത്തികൾ 8:38, 39).
>
> അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്തിൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു (റോമർ 6:4).
>
> സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും, അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു ... (കൊലൊസ്യർ 2:12).

### ആരായിരുന്നു സ്നാനമേറ്റത്?

സ്നാനം ഏറ്റ സ്ത്രീ പുരുഷന്മാർ തങ്ങളുടെ ജീവിതം യേശുവിനു സമർപ്പിക്കുവാൻ തീരുമാനം എടുക്കുവാൻ കഴിവുള്ളവരായിരുന്നു. ഇതും, സ്നാനത്തിന്റെ മറ്റുദ്ദേശങ്ങളും സൂചിപ്പിക്കുന്നതു സ്നാനം എന്നതു തങ്ങൾ ചെയ്യുന്നതു മനസ്സിലാക്കുവാൻ തക്ക പ്രായമെത്തിയവർക്കാണ് എന്നത്രേ.

ബൈബിൾ പറയുന്നതു സ്നാനം ഏല്ക്കുന്നവർ (1) സുവിശേഷ പ്രസംഗം കേൾക്കണം (മർക്കൊസ് 16:15), (2) സുവിശേഷം വിശ്വസിക്കണം (മർക്കൊസ് 16:16), (3) മാനസ്സാന്തരപ്പെടണം (പ്രവൃത്തികൾ 2:38). സ്നാനം ഏറ്റവരെല്ലാം സ്ത്രീ പുരുഷന്മാരായിരുന്നു (പ്രവൃത്തികൾ 8:12) അവർ (1) പ്രസംഗം കേട്ടവരും (പ്രവൃത്തികൾ 8:12; 18:8) (2) സന്ദേശം കൈക്കൊള്ളുകയും വിശ്വസിക്കയും ചെയ്തു (പ്രവൃ

ത്തികൾ 2:41; 8:12; 16:33, 34; 18:8). അവർ, ദൈവത്തിന്റെ പ്രവൃത്തി യുടെ വ്യാപാരശക്തിയിൽ വിശ്വസിച്ചവർ ആയിരുന്നു (കൊലൊസ്യർ 2:12), ഹൃദയപൂർവ്വം അനുസരിച്ചവർ ആയിരുന്നു (റോമർ 6:17, 18), പഴയ ജീവിതം വിട്ടുകളഞ്ഞു യേശുവിനെ അനുഗമിക്കുവാൻ പുതിയ ജീവിതത്തിനു സമർപ്പിച്ചു തുടങ്ങിയവരാണ് (റോമർ 6:4–7).

സ്നാനവുമായി ബന്ധപ്പെട്ട ആത്മിയ സൂചനകൾ ശിശുക്കൾക്കു മനസ്സിലാകയില്ല, സ്നാനത്തിൽ ആവശ്യമായ സമർപ്പണം എടുക്കു വാനും അവർക്കു സാധ്യമല്ല. സ്നാനം, പഠിപ്പിച്ചവർക്കും, യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങിയവർക്കും, അവരുടെ ജീവിതം മാറ്റുവാൻ തീരുമാനം എടുക്കുവാൻ കഴിവുള്ളവർക്കുമാണ്, അങ്ങനെ യേശു വിനെ സേവിക്കുന്ന ജീവിതം നയിക്കുവാനും കഴിയും.

സ്വർഗ്ഗരാജ്യം ശിശുക്കളെപോലെ ഉള്ളവരുടേതാണ് (മത്തായി 19:14). അവർ പാപത്തോടെ ജനിക്കുന്നവരല്ല, അവർ ആദാമിന്റെ പാപം അവകാശമാക്കുന്നില്ല, അല്ലെങ്കിൽ ചില വിശ്വാസ പ്രമാണങ്ങൾ പഠി പ്പിക്കുന്നതുപോലെ അവർ പ്രപഞ്ചമാലിന്യത്താൽ ജനിച്ചവരുമല്ല.

ആദാമും ഹവ്വയും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷ ത്തിന്റെ ഫലം പറിച്ചുതിന്നതിനുശേഷമാണ് മനുഷ്യർ അക്രമത്തിലും പാപത്തിലുമായത് എന്നു ദൈവം പറഞ്ഞിട്ടില്ല, മറിച്ചു അവൻ പറ ഞ്ഞു, “മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം, നമ്മിൽ ഒരു ത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു” (ഉല്പത്തി 3:22). അതിനുള്ള പിഴ ജീവവൃക്ഷത്തിൽ നിന്നുള്ള വേർപാട് ആയിരുന്നു – അവർക്കും, പിൻതലമുറക്കാർക്കും. ആദാമിൽ, നാമെല്ലാം ഭൗതിക മരണം അഭിമു ഖീകരിക്കുന്നു (1 കൊരിന്ത്യർ 15:22); എന്നാൽ ആത്മിയ ഗോളത്തിൽ, നമ്മുടെ ആത്മിയാവസ്ഥക്കു നാം തന്നെയാണ് ഉത്തരവാദികൾ. നാം ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്നതിനെ ആസ്പദമാക്കിയാണ്, അല്ലാതെ ആദാമിന്റെ പ്രവൃത്തിക്കനുസരിച്ചല്ല ന്യായവിധി (2 കൊരി ന്ത്യർ 5:10).[11]

## സ്നാനത്തിന്റെ ഉദ്ദേശം എന്തായിരുന്നു?

### യോഹന്നാന്റെ സ്നാനവും പാപമോചനവും

വരുവാനിരുന്ന മശിഹക്കുവേണ്ടി ആളുകളെ ഒരുക്കുക എന്നതാ യിരുന്നു യോഹന്നാന്റെ ദൗത്യം (മത്തായി 3:3). തന്റെ പ്രസംഗത്താൽ മാത്രമായിരുന്നില്ല അവൻ അതു ചെയ്തതു, ആളുകളെ സ്നാനത്തി ലേക്കും കൊണ്ടുവന്നു. ശിഷ്യത്വത്തിനു ഒരു സമർപ്പണം ആവശ്യമാ ണെന്ന തിരിച്ചറിവു അവൻ അവരെ ബോധ്യപ്പെടുത്തി.

പാപമോചനം ലഭിക്കുവാൻ സ്നാനം ആവശ്യമാണെന്ന തോന്നൽ ആളുകളുടെ മനസ്സിൽ അവൻ ഉണർത്തി. മർക്കൊസ് 1:4 ഉം ലൂക്കൊസ് 3:3 ഉം പറയുന്നതു യോഹന്നാൻ പ്രസംഗിച്ചതു “പാപമോചനത്തിനാ യുള്ള മാനസാന്തര സ്നാനം ആയിരുന്നു.” പാപങ്ങളെ ഏറ്റു പറഞ്ഞു കൊണ്ടാണ് ആളുകൾ യോഹന്നാന്റെ അടുക്കൽ സ്നാനപ്പെടുവാൻ

വന്നതു (മത്തായി 3:6) പാപമോചനവും അന്വേഷിച്ചിരുന്നു.

**"പാപമോചനത്തിനായുള്ളത്"**

യേശുവിന്റെ മരണത്തിനും ഉയിർത്തെഴുന്നേല്പിനും ശേഷം ആദ്യമായി യെരുശലേമിൽ യേശുവിന്റെ നാമത്തിൽ പാപമോചനം പ്രസംഗിക്കുവാൻ തുടങ്ങി (ലൂക്കൊസ് 24:46, 47). പാപമോചനം മുൻപും പറഞ്ഞിട്ടുണ്ട്, പക്ഷെ അതു യേശുവിന്റെ നാമത്തിൽ ആയിരുന്നില്ല. യേശുവിന്റെ നാമത്തിൽ ആദ്യമായി പാപമോചനം പ്രസംഗിച്ചതു പത്രൊസ് ആയിരുന്നു. കർത്താവും ക്രിസ്തുവുമായവനെയാണ് തങ്ങൾ ക്രൂശിച്ചതെന്നു പത്രൊസിന്റെ പ്രസംഗം കേട്ടവർക്കു ബോധ്യമായി, "മാനസ്സാന്തരപ്പെട്ടു നിങ്ങൾ ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" (പ്രവൃത്തികൾ 2:38). അവൻ യെരുശലേമിൽ പ്രസംഗിച്ച സന്ദേശം സകല ദേശക്കാർക്കും ഉള്ളതായിരുന്നു (ലൂക്കൊസ് 24:47).

"പാപമോചനത്തിനായി" അല്ലെങ്കിൽ "പാപമോചനത്തിനുവേണ്ടി" എന്ന പ്രയോഗങ്ങൾ മത്തായി 26:28, മർക്കൊസ് 1:4, ലൂക്കൊസ് 3:3; 24:47 ലും കാണാം. നമ്മുടെ പാപങ്ങൾ ക്ഷമിച്ചു കഴിഞ്ഞതുകൊണ്ടാണ് യേശു തന്റെ രക്തം ചിന്തിയതെന്നു ഒരു ഗൗരവ വിശ്വാസിയും പറയുകയില്ല (മത്തായി 26:28) അല്ലെങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിച്ചു കഴിഞ്ഞതുകൊണ്ടു മാനസ്സാന്തരപ്പെടണമെന്നും പറയുകയില്ല (ലൂക്കൊസ് 24:47). പിന്നെ, എന്തുകൊണ്ട്, ആളുകൾ അതേ പദപ്രയോഗത്തിനു മറ്റു അർത്ഥങ്ങളിൽ അതായതു പ്രവൃത്തികൾ 2:38-ൽ നിന്നു "എങ്ങനെ പാപങ്ങൾ ക്ഷമിക്കപ്പെടും" എന്നു എതിർക്കുന്നത്? ചില കയ്യെഴുത്തു പ്രതികളിൽ ലൂക്കൊസ് 24:47 പറയുന്നതു "പാപമോചനത്തിനായി" എന്നതിനു പകരം "പാപമോചനത്തിനും" എന്നാണ്. എങ്ങനെയായാലും, "ഉം" എന്ന വാക്കിന്റെ ഉപയോഗം (ഗ്രീക്ക്.: *കായി*) ഇന്നു അതു "വേണ്ടി" (ഗ്രീക്ക്.: *എയിസ്*) എന്നതിനേക്കാൾ കയ്യെഴുത്തു ആധികാരികത കുറഞ്ഞതാണെന്നു കരുതപ്പെടുന്നു, അതാണ് യുണൈറ്റഡ് ബൈബിൾ സൊസൈറ്റികളും, ഏറ്റവും അടുത്ത കാലത്തെ *നെസ്റ്റിൽ - അലാന്റ് ഗ്രീക്ക് ടെക്സ്റ്റിലും*.[12]

"പാപങ്ങളുടെ മോചനം" എന്ന ഉദ്ദേശമാണ് രണ്ടിനുമുള്ളതു എന്നാണ്, പ്രവൃത്തികൾ 2:38 ലെ "ഉം" എന്ന വാക്കുകൊണ്ടു സ്നാനവും മാനസാന്തരവും യോജിപ്പിച്ചതു സൂചിപ്പിക്കുന്നത്. രക്ഷക്കു സ്നാനം ആവശ്യമാണെന്നു ചിലർ വിശ്വസിക്കുവാൻ ആഗ്രഹിക്കാത്തതുകൊണ്ടു അവർ മുഖ്യമായും പത്രൊസിന്റെ പ്രസ്താവന സൂത്രത്തിൽ ഒഴിവാക്കി. ഈ സന്ദർഭത്തിലെ *എയിസ്* മനസ്സിലാക്കുവാനുള്ള സ്വാഭാവിക മാർഗ്ഗം, മറ്റു പുതിയ നിയമ തർജ്ജിമകളിലെന്നപോലെ അതിന്റെ അർത്ഥം "ലഭിക്കേണ്ടതിനു," എന്നു മനസ്സിലാക്കുകയാണ്.

"പാപമോചനത്തിനുവേണ്ടി," എന്ന പ്രയോഗത്തിലെ "വേണ്ടി" എന്നതു (മത്തായി 26:28; മർക്കൊസ് 1:4; ലൂക്കൊസ് 3:3; 24:47; പ്രവൃത്തികൾ 2:38) *എയിസ്* എന്ന ഗ്രീക്കുവാക്കാണ്. റോമർ 6:3-ൽ *എയിസിനെ*ക്കുറിച്ച് ജെ. ബി. ലൈറ്റ് ഫുട്ട് എഴുതി, "ഇണക്കിച്ചേർക്കലിന്റെ

തോന്നൽ ഗതി ബോധ്യമാക്കുന്നു"; പിന്നെ അദ്ദേഹം പറഞ്ഞു, "... മർക്കൊസ് 1:4 ൽ *എയിസ് അഫേസിൻ ഹാർമാർഷൻ* ["പാപങ്ങളുടെ മോചനത്തിനുവേണ്ടി"] ഗതിയുടെ അർത്ഥം ... സൂചിപ്പിക്കുന്നതു സ്നാനത്തിന്റെ ഉദ്ദേശത്തെയും ഫലത്തെയും ആണ്."[13]

മർക്കൊസ് 1:4 ലെ *എയിസി*ന്റെ അർത്ഥം ചാൾസ് ഹോഡ്ജ് പറയുന്നതു "പാപങ്ങളുടെ മോചനം കിട്ടുമായിരിക്കാം."[14]

ഡഗ്ളസ് മൂ എഴുതി, "പുതിയ നിയമത്തിൽ ബാപ്റ്റിസോക്കുശേഷം *എയിസ്* മറ്റൊരവസരത്തിൽ മാത്രം സംഭവിച്ചിരിക്കുന്നതു പ്രാദേശിക/ഭൗതിക അർത്ഥത്തിലാണ് (മർക്കൊസ് 1:9 ['യോർദ്ദാൻ നദിയിലേക്കു']) അല്ലെങ്കിൽ ഉദ്ദേശം വ്യക്തമാകുന്നു / ഫലം (മത്തായി 3:11 ഉം പ്രവൃത്തികൾ 2:38 ഉം ['പാപങ്ങളുടെ മോചനം']);..."[15]

ഒരാൾ സ്നാനമേൽക്കുമ്പോൾ അതിന്റെ ഉദ്ദേശം അയാൾ അറിയേണ്ട ആവശ്യമില്ലെന്നു ചിലർ പറയുന്നു. അവർ പറയുന്നതു, ഒരാൾ ദൈവത്തെ അനുസരിക്കുവാൻ സ്നാനമേല്ക്കുമ്പോൾ – അയാൾ സ്നാനത്തിന്റെ ഉദ്ദേശം മനസ്സിലാക്കിയാലും ഇല്ലെങ്കിലും – അപ്പോൾ അയാൾ ക്ഷമിക്കപ്പെടും എന്നാണ്. സ്നാനം മനുഷ്യന്റെ ഭാഗത്തു നിന്നും, പാപക്ഷമാപണം ദൈവത്തിന്റെ ഭാഗത്തുനിന്നുമാണ് വരുന്നതെന്നു പറഞ്ഞിരിക്കുന്നു. സ്നാനത്തിന്റെ ഉദ്ദേശവും മനുഷ്യന്റെ ഭാഗത്തുനിന്നു വരുന്നു എന്നതാണ് ആ കാഴ്ച്ചപ്പാടുകാർ കാണാതിരിക്കുന്നത്.

ഭർത്താവു ഭാര്യക്കു ഇടർച്ച വരുത്തിയപ്പോൾ, അവൾ പറഞ്ഞു, "എനിക്കു ഒരു ഡസൻ റോസാപ്പൂക്കൾ കൊണ്ടു തന്നാൽ ഞാൻ ക്ഷമിക്കാം," ക്ഷമിച്ചു *കിട്ടേണ്ടതിനു* അയാൾ അവൾക്കു റോസാ പുഷ്പം നല്കുന്നു. അവൻ അതു ചെയ്യുന്നതു, ക്ഷമിച്ചു കിട്ടേണം *എന്ന ഉദ്ദേശത്തോടെ*, അല്ലെങ്കിൽ ക്ഷമിച്ചു *കിട്ടുമെന്നു കരുതി*, അല്ലെങ്കിൽ ക്ഷമിക്കേ*ണ്ടതിനു*. ക്ഷമാപണം അവളിൽ നിന്നു വരണം, എന്നാൽ അവൻ റോസാപുഷ്പം നല്കണം അങ്ങനെ അവന്റെ ഭാഗത്തേക്കു ക്ഷമാപണം വരും.

എതിർവാദം പറയാവുന്നതു സ്നാനപ്പെടുമ്പോൾ പരിശുദ്ധാത്മാവു ലഭിക്കും എന്ന് അറിയേണ്ട ആവശ്യം ഇല്ലെങ്കിൽ സ്നാനത്തിന്റെ ഉദ്ദേശം പാപമോചനം ആണെന്നതും അറിയേണ്ട ആവശ്യമില്ല എന്നതാണ്. സ്നാനത്തിന്റെ ഉദ്ദേശം പാപമോചനമാണ്. സ്നാനപ്പെടുമ്പോൾ പാപങ്ങൾ മോചിച്ചുകിട്ടുന്നതുകൊണ്ടു പരിശുദ്ധാത്മാവു നല്കുന്നു. സ്നാനം പാപങ്ങളുടെ മോചനത്തിനായതുകൊണ്ട് സ്നാനത്തിന്റെ ഉദ്ദേശം നാം മനസ്സിലാക്കണം. നേരെ മറിച്ച്, പരിശുദ്ധാത്മ ദാനത്തെക്കുറിച്ചു മനസ്സിലാക്കേണ്ട ആവശ്യമില്ല, കാരണം സ്നാനം പരിശുദ്ധാത്മാവു ലഭിക്കുന്നതിനുവേണ്ടി *ഉള്ള*തല്ല.

ഇടർച്ച അനുഭവപ്പെട്ട ഭാര്യക്കു പറയാം, "നിങ്ങളോടു ക്ഷമിക്കുവാനായി എനിക്കു ഒരു ഡസൻ റോസാപുഷ്പങ്ങൾ തരണം; എന്നാൽ ഞാൻ നിങ്ങൾക്കു ഒരു ചുംബനം തരാം." അവളുടെ ഭർത്താവു ക്ഷമിക്കപ്പെടുവാനുള്ള ഉദ്ദേശത്തിനായി റോസാപുഷ്പങ്ങൾ നല്കുമ്പോൾ, ചുംബനം ലഭിക്കുന്നതു ക്ഷമിക്കപ്പെടുന്നതുകൊണ്ടാണ്. നമ്മുടെ പാപ

ങ്ങൾ ക്ഷമിക്കപ്പെടേണ്ടതിന്നു നാം സ്നാനം ഏല്ക്കണം; പിന്നെ നാം ക്ഷമിക്കപ്പെടുന്നതുകൊണ്ടു പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കുന്നു.

പെന്തെക്കൊസ്തു നാളിൽ പത്രൊസ് യെഹൂദന്മാരോടു പറഞ്ഞതു അവർ മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്ക്കുവാനും, തുടർന്നു അവർക്കു പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കുമെന്നുമാണ്.

**യേശുവിന്റെ സ്നാനം**

ചിലർ പറയുന്നതു പാപമില്ലാതെ സ്നാനമേറ്റ യേശുവാണ് നമ്മുടെ മാതൃക, അതിനർത്ഥം നാം ക്ഷമിച്ചു കഴിഞ്ഞവരും സ്നാനമേല്ക്കുമ്പോൾ പാപമില്ലാത്തവരും ആണ് എന്നാണ്.

നമ്മുടെ കണ്ണുകൾ യേശുവിൽ അർപ്പിച്ചുകൊണ്ടു, നാം ഓടേണ്ടതിനു യേശു നമ്മുടെ മാതൃകയാണ് (എബ്രായർ 12:2). അവനിലുള്ള ഭാവം നമ്മിലുണ്ടാകേണ്ടതിനു, നാം അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു, പൗലൊസ് ക്രിസ്തുവിന്റെ അനുകാരി ആയിരുന്നതുപോലെ, നാം അവന്റെ അനുകാരികൾ ആകുവാൻ പറഞ്ഞിട്ടുണ്ട് (1 യോഹന്നാൻ 2:6; ഫിലിപ്പിയർ 2:5; 1 കൊരിന്ത്യർ 11:1). നീതിക്കുവേണ്ടി കഷ്ടം ഏല്ക്കുന്നതിൽ യേശുവാണ് നമ്മുടെ മാതൃക എന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (1 പത്രൊസ് 2:21). അവൻ നമുക്കു വേണ്ടി ജീവൻ വെച്ചതുപോലെ, നാമും സഹോദരന്മാർക്കായി ജീവൻ വെച്ചു കൊടുക്കണം (1 യോഹന്നാൻ 3:16).

യേശു ആണ് നമ്മുടെ മാതൃക എന്നതിനർത്ഥം യേശു ചെയ്തതെല്ലാം നാം ചെയ്യണം, അതേ ഉദ്ദേശത്തിനായി ചെയ്യണമെന്നും ആണോ? അവന്റെ മാതൃക പിൻപറ്റുവാൻ താഴെ പറയുന്ന തത്വങ്ങൾ നമ്മെ സഹായിക്കും.

ആദ്യം, യേശു ചെയ്ത ചില കാര്യങ്ങൾ യാദൃശ്ചികമായിരുന്നതുകൊണ്ട് നാം മാതൃകയായി അതു പിൻപറ്റേണ്ട ആവശ്യമില്ല. അവൻ വിവാഹം കഴിക്കാതിരുന്നു. അവനു മക്കളും വീടും ഇല്ലായിരുന്നു (ലൂക്കൊസ് 9:58). അവൻ സ്നാനം ഏല്ക്കുകയും മുപ്പതാം വയസ്സിൽ പ്രസംഗം ആരംഭിച്ചു, തന്നെ പ്രതിനിധീകരിക്കുവാൻ അവൻ പന്ത്രണ്ടു അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തു (ലൂക്കൊസ് 3:21–24; 6:13). താൻ തന്നെ സഹായിക്കുന്നതിനു പകരം, മറ്റുള്ളവരിൽ നിന്നു സാമ്പത്തിക സഹായം സ്വീകരിച്ചുകൊണ്ടു ഉപദേശിക്കുന്നതിനു സമയം ചെലവഴിക്കുവാൻ കഴിഞ്ഞു (ലൂക്കൊസ് 8:3).

രണ്ടാമതു, ചില കാര്യങ്ങൾ അവൻ ചെയ്തതു – തത്വത്തിൽ മാതൃകയാണ്, എന്നാൽ അവ നാം ചെയ്യേണ്ടതില്ല. അവൻ ന്യായപ്രമാണം അനുസരിച്ചു പരിഛേദന ഏറ്റു (ലൂക്കൊസ് 2:21), പക്ഷെ അതു നമുക്കു നിയമമല്ല (ഗലാത്യർ 6:15). അവൻ സ്നാനമേറ്റശേഷം നാല്പതു നാൾ ഉപവസിച്ചു; പിന്നെ അവൻ തന്റെ ശുശ്രൂഷ ആരംഭിച്ചു (മത്തായി 4:2). അവൻ ശബ്ബത്തിൽ പള്ളിയിൽ പ്രസംഗിച്ചു (ലൂക്കൊസ് 4:16, 31, 44; 6:6), പെസഹയും ആചരിച്ചു (ലൂക്കൊസ് 22:15, 16), മൃഗയാഗങ്ങൾ

അർപ്പിക്കുവാനും കല്പനകൾ പ്രമാണിപ്പാനും യെഹൂദ ജനത്തെ ഉപദേശിച്ചു (മത്തായി 19:17; ലൂക്കൊസ് 5:14; 17:14). അവൻ ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചതുകൊണ്ടു, നാം ദൈവേഷ്ടം ചെയ്യുന്നതെങ്ങനെ എന്നു മാതൃക കാണിച്ചുകൊണ്ടു ന്യായപ്രമാണം അനുസരിച്ചു (ഗലാത്യർ 4:4). അവയെല്ലാം യേശു പരിശീലിച്ചിരുന്നു, എന്നാൽ അവ നമ്മെ ഇന്നു നിയമമായി ബാധിക്കുന്നില്ല (ഗലാത്യർ 3:24, 25; എബ്രായർ 7:12, 19; 10:9).

മൂന്നാമതു, ചില കാര്യങ്ങൾ യേശു നാം തത്വത്തിൽ പിൻപറ്റേണ്ടതും എന്നാൽ അതു തന്നെ ചെയ്യേണ്ടതുമല്ല. പത്രൊസ് പിടിച്ച ഒരു മത്സ്യത്തിൽ നിന്നു ഒരു നാണയം എടുത്തു യേശു നികുതി കൊടുത്തു (മത്തായി 17:24-27). നാം നികുതി കൊടുക്കേണ്ടവരാണ് (റോമർ 13:6), എന്നാൽ മത്സ്യത്തിൽ നിന്നെടുക്കുന്ന നാണയമല്ല. താഴ്മയുള്ള സേവനത്തിനുദാഹരണമായി അവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകി (യോഹന്നാൻ 13:5-15), അതു അവന്റെ ശിഷ്യന്മാർ തത്വത്തിൽ പിൻപറ്റേണ്ടതും, എന്നാൽ അതു അങ്ങനെ തന്നെ പരിശീലിക്കേണ്ടതില്ലാത്തതുമാണ്.

നാലാമതു, ചില കാര്യങ്ങൾ അവൻ ചെയ്തതു നാം പരിശീലനത്തിൽ പിൻപറ്റേണ്ടതാണ് എന്നാൽ വ്യത്യസ്തമായ ഉദ്ദേശത്തിനാണ്. ഒരു മാതൃകയായി യേശു കർത്തൃമേശ ആചരിച്ചു, പക്ഷെ അതു അവനെ ഓർമ്മിക്കുന്നതിനായിരുന്നില്ല (1 കൊരിന്ത്യർ 11:23-25). നമ്മുടെ ജീവിതം മറ്റുള്ളവർക്കു നല്കണമെന്നു അവൻ നമുക്കു കാണിച്ചു തന്നു (1 പത്രൊസ് 2:21; 1 യോഹന്നാൻ 3:16). നാം മറ്റുള്ളവർക്കു വേണ്ടി മരിച്ചേക്കാം, യേശു തന്റെ രക്തം ചിന്തിയ ഉദ്ദേശത്തിനായിരിക്കയില്ല (മത്തായി 26:28).

നാം സ്നാനം ഏല്ക്കണം, എന്നാൽ യേശു സ്നാനം ഏറ്റ ഉദ്ദേശത്തിനല്ല. അവൻ ഏറ്റതു യോഹന്നാന്റെ സ്നാനം ആയിരുന്നു. പാപമോചനത്തിനായുള്ള മാനസ്സാന്തര സ്നാനം ആയിരുന്നു യോഹന്നാൻ പ്രസംഗിച്ചത് (മർക്കൊസ് 1:4; ലൂക്കൊസ് 3:3). അവന്റെ അടുക്കൽ വന്നവർ പാപങ്ങളെ ഏറ്റുപറഞ്ഞു കൊണ്ടാണ് സ്നാനം ഏറ്റത് (മത്തായി 3:6), അതു സൂചിപ്പിക്കുന്നതു അവർ യോഹന്നാൻ പ്രസംഗിച്ച പാപമോചനം വേണമെന്നു ആഗ്രഹിച്ചു. യോഹന്നാന്റെ അടുക്കൽ വന്നു പാപങ്ങളെ ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏറ്റ മറ്റുള്ളവരെ പോലെ ആയിരുന്നില്ല യേശു സ്നാനമേറ്റത്.

സ്നാനത്തിൽ യേശുവിനെ വാസ്തവത്തിൽ നമ്മുടെ മാതൃകയാക്കുവാൻ സാധ്യമല്ല, കാരണം അവൻ പാപം ഒന്നും ചെയ്തിട്ടില്ല; അതുകൊണ്ടു, അവനു പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുവാനില്ലായിരുന്നു. സകല നീതിയും നിവർത്തിയാകുന്നതിനായിരുന്നു യേശു സ്നാനം ഏറ്റത്. യേശു ഏറ്റ സ്നാനം നമുക്കുള്ളതല്ല. യേശു ഏറ്റതു യോഹന്നാന്റെ സ്നാനം ആയിരുന്നു. നാം ഇന്നു യേശു ചെയ്തതു പോലെ യോഹന്നാന്റെ സ്നാനം ഏറ്റാൽ, വീണ്ടും സ്നാനമേല്ക്കേണ്ടതായി വരും (നോക്കുക പ്രവൃത്തികൾ 19:1-5).

യേശുവിന്റെ സ്നാനം "സകല നീതിയും നിറവേറേണ്ടതിനായി

രുന്നു" (മത്തായി 3:15). ആ ഒരു ഉദ്ദേശത്തിനുവേണ്ടി അവനു മാത്രമേ സ്നാനം ഏല്ക്കുവാൻ കഴിയൂ. അവൻ തന്റെ സ്നാനത്തിന്റെ ഉദ്ദേശം മനസ്സിലാക്കിയതുപോലെ നാം നമ്മുടേതും മനസ്സിലാക്കണം. അവന്റെ സ്നാനം, നാം ചെയ്യേണ്ടതിന്റെ ഒരു ഉദാഹരണമാണ്, എന്നാൽ അതു നാം എന്തുകൊണ്ടു സ്നാനം ഏല്ക്കണം എന്നതിന്റെ മാതൃകയല്ല. അവൻ പാപം ഒന്നും ചെയ്യാതെ, നീതി മാത്രം ചെയ്തതുകൊണ്ട്, അവനു സകല നീതിയും നിവർത്തിപ്പാനായി സ്നാനം ഏല്ക്കുവാൻ കഴിഞ്ഞു. അതിനെതിരായി, നാം പാപികളാണ്, നീതിമാന്മാരാകേണ്ട തിനാണ് സ്നാനം ഏല്ക്കുന്നത്. നാം *എന്തു* ചെയ്യേണം എന്ന ചില കാര്യത്തിൽ യേശു നമ്മുടെ മാതൃകയാണ് പക്ഷെ *എന്തുകൊണ്ടു* നാം ചെയ്യണം എന്നതിൽ അവൻ മാതൃകയല്ല.

അഞ്ചാമതു, ചില കാര്യങ്ങളിൽ തത്വത്തിലും, പരിശീലനത്തിലും, ഉദ്ദേശത്തിലും യേശു നമ്മുടെ മാതൃകയാണ്. ഉദാഹരണമായി, അവന്റെ സ്നേഹം, ശുശ്രൂഷ, മനസ്സലിവ്, സ്വയം – ത്യജിക്കൽ എന്നിവയുടെ മാതൃകകൾ പരിഗണിക്കുക (റോമർ 15:2, 3). ഈ രീതിയിൽ നാം അവനെ പൂർണ്ണമായും പിൻപറ്റണം.

**ചുരുക്കം**

സ്നാനത്തിന്റെ ഉദ്ദേശം പാപമോചനത്തിനാണെന്നു നാം മനസ്സി ലാക്കണം. യേശു അതു കല്പിച്ചിരിക്കുന്നു; പത്രൊസും മറ്റു അപ്പൊ സ്തലന്മാരും അതു പ്രസംഗിച്ചു; നാം അതു അനുസരിക്കണം.

---

കുറിപ്പുകൾ

[1]ഹറോൾഡ് ലിന്റ്സെൽ, എഡി., ഹാർപ്പർ സ്റ്റഡിബൈബിൾ (ഗ്രാന്റ് റാപ്പി ഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1965), 1491, എൻ 28.19എ. [2]*ദ അമേരിക്കൻ ഹെറി റ്റേജ്® ഡിക്ഷ്ണറി,* 3–ാം എഡി., എസ്. വി. "ബാപ്റ്റൈസ്." [3]ഡേവിഡ് നോയെൽ ഫ്രീഡ്മാൻ, *ദ ആങ്കർ ബൈബിൾ ഡിക്ഷ്ണറി* (ന്യൂയോർക്ക്: ഡബിൾഡേ, 1992), 583. [4]*ഒറിജിൻസ്, എ ഷോർട്ട് എറ്റിമോളൊജിക്കൽ ഡിക്ഷ്ണറി ഓഫ് മോഡേൺ ഇംഗ്ലീഷ്* (ലണ്ടൻ: റൂട്ട്ലെഡ്ജ് & കേഗൻ പോൾ, 1959), 38. [5]മാസി എച്ച് ഷെപ്പേർഡ് ജൂനിയർ., *എൻസൈക്ലോപീഡിയ ഇന്റർനാഷണൽ* (ഡാൻബറി, കോൺ.: ലെക്സി ക്കൻ പബ്ലിക്കേഷൻസ്, 1981), 378. [6]റോബെർട്ട് സെസിൽ മോർട്ടിമെർ, *ചെയി മ്പേഴ്സ് എൻസൈക്ലോപീഡിയ*, വാല്യം. 2, റെവ. ഇഡി. (ലണ്ടൻ: പെർഗമൺ പ്രെസ്, 1967), 112. [7]ആന്റേഴ്സ് നൈഗ്രെൻ, *കമെന്ററി ഓൺ റോമൻസ്*, ട്രാൻസ്, കാൾ സി. രാസ്മുസെൻ (ഫിലദെൽഫിയ: മുഹ്ളെൻബെർഗ് പ്രെസ്, 1949), 233. [8]എവറെറ്റ് എഫ്. ഹാരിസൺ, *ദ എക്സ്പൊസിറ്റേഴ്സ് ബൈബിൾ കമെന്ററി,* വാല്യം. 10, *റോമൻസ് – ഗലേഷ്യൻസ്*, ജെന. എഡി. ഫ്രാങ്ക് ഇ. ഗീബെലെയിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ളിഷിങ്ങ് ഹൗസ്, 1976), 69. [9]ജെ. ബി. ലൈറ്റ്ഫുട്ട്, *നോട്ട്സ് ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് സെന്റ്. പോൾ: I-II തെസ്സ ലൊനിക്യർ, 1 കൊരിന്ത്യർ 1–7, റോമർ 1–7, എഫെസ്യർ 1:1–14,* തോൺ ആപ്പിൾ

കമെന്ററിസ്, എഡി. ജെ. ആർ. ഹാർമെർ (ലണ്ടൻ: മാക്മില്ലെൻ ആന്റ് കമ്പനി., 1895; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1980), 296. [10]മാർട്ടിൻ ലൂഥർ *ഓപ്പെറ* 1.72.

[11]ആദാമും ഹവ്വയും ധാർമ്മികമായോ, ആത്മീയമായോ മലിനപ്പെട്ടിരുന്നെങ്കിൽ, അവർ നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്ന ശേഷം ധാർമ്മികമായി പെരുമാറുമായിരുന്നില്ല. അവർ ആദ്യമായി അന്വേഷിച്ചതു നഗ്നത മറെക്കുവാൻ വസ്ത്രം ആയിരുന്നു (ഉല്പത്തി 3:7). അതു അവർ ധാർമ്മി കമായി പ്രവർത്തിച്ചതിന്റെ സൂചന ആയിരുന്നു, അതു വിലക്കപ്പെട്ട ഫലം പറിച്ചു തിന്നതിന്റെ ഫലമായി മനസ്സിലാക്കിയതായിരുന്നു. [12]ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്, യുണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ്, 4-ാം എഡി.; നെസ്‌ലേ – അലന്റ് ഗ്രീക്ക് ടെക്സ്റ്റ്, 26-ാം എഡി. [13]ലൈറ്റ്ഫുട്ട്, 295-96. [14]ചാൾസ് ഹോഡ്ജ്, *കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ റോമൻസ്* (പ്രിൻസ്ടൺ: എൻപി., 1886; റീപ്രിന്റ്, ഗ്രാന്റ് റാപ്പി ഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 193. [15]ഡഗ്ളസ് ജെ. മൂ, *ദ എപ്പിസ്റ്റിൽ ടു ദ റോമൻസ്*, ദ ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്, ജെന. എഡി. നെഡ് ബി. സ്റ്റോൺഹൗസ്, എഫ്. എഫ്. ബ്രൂസ്, ആന്റ് ഗോർഡൻ ഡി. ഫീ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1996), 360, എൻ 42.

---

### സ്നാനത്തിൽ ആത്മിയ ബന്ധം

സ്നാനം രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രവൃത്തിക്കു പ്രചോ ദിപ്പിക്കുന്ന ഒരു പ്രവൃത്തിയായതുകൊണ്ട് ആ വിശ്വാസ പ്രവൃത്തിക്കു പ്രതിഫലമുണ്ട് (പ്രവൃത്തികൾ 2:38; കൊലൊസ്യർ 2:12). സ്നാനത്തിനു വിലയുണ്ടാകേണ്ടതിനു, ഭൗതിക പ്രവൃത്തിക്കു കീഴ്പ്പെടുന്ന പ്രവൃത്തി ആത്മിയ ബന്ധത്തോടെ ആയിരിക്കണം. തന്റെ കഴിഞ്ഞ കാല പാപ ങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു അയാൾ അറിയണം. അയാളുടെ അടക്കവും ഉയിർത്തെഴുന്നേല്പും പഴയ ജീവിതം അവസാനിപ്പിക്കു ന്നതാണെന്നും – യേശുവിന്റെ കർത്തൃത്വം സ്വീകരിച്ചു അവനുമായി ഒരു പുതിയ ബന്ധത്തിലേർപ്പെടുകയും ചെയ്യുന്നു എന്നറിയണം.

യേശുവിന്റെ മരണത്തിനും, അടക്കത്തിനും, ഉയിർത്തെഴുന്നേ ല്പിനും മറ്റുള്ളവർ അവനോടു പ്രവർത്തിച്ചതിന്റെ ഫലമായുണ്ടായ താണ്. അതേ പോലെ, നമ്മുടെ രക്ഷയും നാം സ്നാനമേല്ക്കുമ്പോൾ അടക്കവും ഉയിർപ്പും സംഭവിക്കുവാൻ മറ്റൊരാൾ പ്രവർത്തിക്കുന്നു. ഇതു ശാരീരികമായി നമ്മിൽ സംഭവിക്കുമ്പോൾ, നമ്മുടെ ഹൃദയ പാപ ങ്ങളിൽ നിന്നു നമ്മെ ശുദ്ധമാക്കുവാൻ കഴിയുന്ന യേശുവിൽ ആശ്ര യിക്കണം (റോമർ 3:25).

© 2009 Truth for Today